കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് -2008-09 മുതൽ 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം തടസ്സപ്പെടുത്തിയ 29,600/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 2098/16/തസ്വഭവ. തിരുവനന്തപുരം, തീയതി:8/07/2016

പരാമർശം:-

1) പഞ്ചായത്ത് ഡയറക്ടറുടെ 30/12/2014-ലെ എം3-32224/15 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 03/02/2016-ലെ നം. എൽ.എഫ്. 13492/PT2/2015 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൻറെ 2008-09 മുതൽ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം പഞ്ചായത്തിലെ പ്യൂൺ ശ്രീമതി. രേണുകയും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. സി.എ. സത്യനും 12/2007 മുതൽ 08/2010 വരെയുള്ള കാലയളവിൽ യാത്രാബത്ത നൽകിയത് മാസപരിധി അധികരിച്ചിട്ടാണെന്നും യാത്രാബത്ത ത്രൈമാസപരിധിയിൽ നിജപ്പെടുത്തിയിട്ടില്ലെന്നുമുള്ള കാരണത്താൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഉയർന്ന മലനിരകളും വാഹനസൗകര്യം ഇല്ലാത്ത ഉൾപ്രദേശങ്ങളും, വനഭൂമിയും, പട്ടികവർഗ്ഗ കോളനികളും ഉൾപ്പെട്ട ടി പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥർക്ക് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ യാത്ര ചെയ്യേണ്ടി വരുന്നതിനാലാണ് യാത്രാ ബത്ത നൽകിയത് എന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21/03/2015 ലെ 1(33)ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ, പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച 29,600/- രൂപയ്ക്ക് സാധൂകരണം നല്കുന്ന വിഷയത്തിലും, തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2008-

2008-2009 മുതൽ 2011-2012 വരെ വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(3) പ്രകാരം പഞ്ചായത്തിലെ പ്യൂൺ ശ്രീമതി. രേണുകയ്ക്കും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. സി.എ. സത്യനും 12/2007 മുതൽ 08/2010 വരെയുള്ള കാലയളവിൽ ടി.എ സീലിംഗ് അധികരിച്ച് യാത്രാ ബത്ത നൽകിയ 29,600/- (ഇരുപത്തിയൊമ്പതിനായിരത്തി അറനൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിയ്ക്ക് വേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ധനകാര്യ വകുപ്പ്, (DEV-3/125/2016/FIN (e 230561)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ